**ND.C.06/16,dt. 10.02.16**

**10.02.2016**

**കുരിശുമല : തെക്കേ ഇന്ത്യയിലെ സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രം**

വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ,

നെയ്യാറ്റിൻകര രൂപതയിലെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമാണ് കുരിശുമല. തെക്കേ ഇന്ത്യയിൽ സഹ്യ പർവ്വത നിരയുടെ നെറുകയിൽ 1957 മാർച്ച് 27 ന് പുണ്യചരിതനായ ബെൽജിയം മിഷനറി റവ.ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ഒ.സി.ഡി. ലോകരക്ഷയുടെ പ്രതീകമായ വിശുദ്ധകുരിശ് സ്ഥാപിച്ചു. അന്ന് ആരംഭിച്ച നോമ്പുകാല തീർത്ഥാടനം ലക്ഷോപലക്ഷങ്ങൾക്ക് വിശുദ്ധിയുടെ പാത തെളിയിക്കുന്നു. നോമ്പുകാലത്ത് ത്യാഗത്തോടെ മലകയറുന്ന തീർത്ഥാടകർ ദൈവവിശ്വാസം ജീവിതാനുഭവമാക്കി മാറ്റുന്നു. അനുതാപ ഹൃദയ രായ് കുരിശ് പേറി കുരിശിന്റെ വഴിയും ധ്യാനിച്ച് മലകയറുന്ന ഭക്തജനം ആത്മ നിർവൃതിയുടെ ആത്മീയ ശക്തി അനുഭവിക്കുന്നു.

'തെക്കേ ഇന്ത്യയിൽ സുവിശേഷപ്രഘോഷണം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ പരി ശുദ്ധ പിതാവ് ജോൺ പോൾ ര ാമൻ സ്ഥാപിച്ച നെയ്യാറ്റിൻകര രൂപതയുടെ അഭിമാന കേന്ദ്രവും ആത്മീയ ഉണർവ്വും സഹ്യന്റെ നെറുകയിലെ വിശുദ്ധ കുരിശാണ്. ജാതി മത ഭേതമെന്യേ ഭക്ത്യാദരങ്ങളോടെ കുരിശു മല കയറുന്നവരുടെ ആദ്ധ്യാത്മിക ഉറവിടം കുരിശും കുരിശിൽ ബലിയർപ്പിച്ച് ലോകത്തെ രക്ഷിച്ച യേശുക്രി സ്തുവുമാണ്. സത്യത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കരുണയുടേയും വഴി തേടുന്നവർ ആത്യന്തികമായി ചെന്നെത്തുന്നത് കാരുണ്യവാനായ യേശുക്രിസ്തുവിലാണ്. സങ്കീർത്തകന്റെ വാക്കുകളിൽ 'കർത്താവിന്റെ കാരുണ്യം അനന്തമാണ്'(സങ്കീ: 136).

ഈ വർഷത്തെ തീർത്ഥാടന സന്ദേശം **"വിശുദ്ധകുരിശ് കരുണയുടെ പ്രതീക"**മെന്നാണ്. ദൈവ കരുണയുടെ മുഖമാണ് യേശുക്രിസ്തു. കാരുണ്യനാഥന്റെ ജീവിക്കുന്ന യാഥാർത്ഥ്യമാണ് കുരിശ്. കരുണ യുടെ ജീവത്യാഗത്തിലൂടെ കുരിശ് ദൈവകരുണയുടെ പ്രതീകമായി നോമ്പുകാലത്ത് ഇടവക ജനങ്ങൾക്കും മറ്റ് ഭക്തജനങ്ങൾക്കും കുരിശുമല കയറുന്നതിനും, കുരിശിന്റെ വഴി, കരുണകൊന്ത, പ്രാർത്ഥന, ദിവ്യബലി എന്നിവ അർപ്പിക്കുന്നതിനും അവസരമു ്. തിരുസഭ "കരുണയുടെ വിശുദ്ധ വർഷം"ആചരിക്കുമ്പോൾ ആത്മീയ അനുഭവവും ഉണർവും വളർത്തുവാൻ ഈ വർഷം ഇടവകാമക്കൾ ഒരുമിച്ച് ഒരു ദിവസം ദണ്ഡവു മോചനവും വിശുദ്ധിയും പ്രാപിക്കുവാൻ കരുണയുടെ കവാടമായ കുരിശുമല കയറുന്നത് ഉചിതവും അനു ഗ്രഹപ്രദവുമാണ്. കരുണയുടെ വിശുദ്ധ വർഷത്തിൽ കുരിശിന്റെ വഴി നടത്തി കുരിശുമല കയറി ദിവ്യബലി അർപ്പിച്ച് (നെറുകയിൽ) കരുണകൊന്ത (സംഗമവേദിയിൽ) നടത്തി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ഭക്തിയും വിശുദ്ധിയും പകരാൻ ഇടവക വികാരിയും ഇടവക കൗൺസിൽ അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

ഈ വർഷം 2016 മാർച്ച് 9,10,11,12,13 & 24,25 (ദുഃഖവെള്ളി) എന്നീ ദിവസങ്ങളിലായി നടക്കുന്ന നോമ്പുകാല കുരിശുമല തീർത്ഥാടന മഹോൽസവത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

2016 മാർച്ച് 9 -ാം തിയതി 4 മണിക്ക് കുരിശുമല സംഗമവേദിയിൽനടക്കുന്ന പ്രാരംഭ സമൂഹ ദിവ്യബ ലിയിൽ എല്ലാ വൈദികരും സന്യസ്തരും പങ്കെടുത്ത് കാരുണ്യാനുഗ്രഹം നേടുവാൻ ക്ഷണിക്കുന്നു.

സ്നേഹാശംസകളോടെ

.

റൈറ്റ് റവ.ഡോ.വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ